# ഡേ കെയർ സെന്ററുകളിലെ കുഞ്ഞോമനകൾ



● സഹീറാ തങ്ങൾ

ഓരോരുത്തരുടെ ജീവിതവും ഓരോ ഘട്ടങ്ങളായിട്ടാണ് സർവ്വശക്തൻ സമ്മാനിച്ചിരിക്കുന്നത് എന്നു തോന്നുമാറാണ് അനുഭവങ്ങൾ നമ്മെതേടിയെത്തുന്നത്. കുറേയേറെ കരയിപ്പിച്ച്, നിസ്സഹായരാക്കി, പിന്നീട് സന്തോഷിപ്പിച്ച്...

സ്വന്തം നാടിന്റെ പച്ചപ്പും മഴയും വിട്ട് പറന്നകലുന്നവർ കൂടെ അടക്കിപിടിച്ച കണ്ണീരും കൊണ്ടുപോകുന്നു മരുഭൂമിയിലേക്ക്...

ചുട്ടുപൊള്ളുന്ന ചൂടുകാറ്റിനെ തണുപ്പിക്കാനോ അതോ വിയർത്തുരുകുമ്പോൾ ഉറക്കെ കരയാനോ?

ഗൾഫുജീവിതത്തിൽ വലിയ അല്ലലില്ലാതെ കഴിയുന്ന കുടുംബങ്ങളിൽ സ്ഥിരം ഉയർന്നു കേൾക്കുന്ന പരാതിയാണ് അഭ്യസ്ഥവിദ്യരായ കുടുംബിനികൾപോലും കാലത്ത് മക്കളെ സ്കൂളിലയച്ചു കഴിഞ്ഞാൽ പിന്നെ ഉറങ്ങിയും കണ്ണീർ സീരിയലുകൾ കണ്ടും സമയം കളയുന്നുവെന്ന്.

വലിയ മോഹത്തോടെ പഠിച്ചു ഡിഗ്രി കരസ്ഥമാക്കിയാലും ഭാര്യയുടെയും അമ്മയുടെയുമൊക്കെ റോളിലേക്ക് മാറിക്കഴിയുമ്പോൾ സ്വയം ഒതുങ്ങിക്കൂടാനുള്ള ഒരു പ്രവണത സ്ത്രീകളിൽ കണ്ടുവരുന്നു. ചിലരിൽ ഇത് ഭർത്താവിന്റെ നിസ്സഹകരണം കൊണ്ട് ഉണ്ടാവുന്നതാവാം..

നിങ്ങൾ അധ്വാനിക്കുന്നതിന്റെ പങ്ക് നിങ്ങൾക്കുതന്നെയെന്നു ഖുർആനിൽ പറയുമ്പോൾ പരിശ്രമത്തിന്റെ ഫലം എടുക്കാനും ആസ്വദിക്കാനുമുള്ള അവകാശം ആണിനെന്നോ പെണ്ണിനെന്നോ വേർതിരിച്ചല്ലെന്നു നമുക്ക് ബോധ്യമാവണം! വരും തലമുറയെ അതിലൂടെ പ്രചോദിതരാക്കാൻ നമുക്ക് സാധിക്കണം.

ഞാൻ ഗൾഫിലെത്തി ആദ്യത്തെ ഒരു വർഷം കഴിഞ്ഞപ്പോൾ തന്നെ ദുബൈയിൽ ജോലി ലഭിച്ചു. ആവേശത്തോടെ ജോലിക്കുപോയി തുടങ്ങിയപ്പോഴാണ് അടുത്ത പ്രതിസന്ധി ഘട്ടം. 6 മാസം മാത്രം പ്രായമുള്ള മകളെ നോക്കാൻ കൂടെ നിർത്തിയിരുന്ന സ്ത്രീ ജോലി ഒഴിവാക്കി പോയി. എന്തു ചെയ്യണമെന്ന് അറിയാതെ വിഷമിച്ച എന്നോട് കൂടെ ജോലി ചെയ്തിരുന്ന സുഹൃത്തുക്കൾ മാർഗം ഉപദേശിച്ചു- ഡേ കെയർ സെന്റർ! ഉദ്യോഗസ്ഥകളായ അമ്മമാർ ഇത്തരം കെയർ സെന്ററിൽ തന്നെയാണ് മക്കളെ ഏൽപിക്കുന്നത് എന്നും പറഞ്ഞു.

പിറ്റേ ദിവസം അർധമനസ്സോടെ അത്തരമൊരു ഹോം നഴ്സറിയിൽ ഞങ്ങളെത്തി, ഒരു മാസത്തെ ഫീസ് 400 ദിർഹം മുൻകൂറായി അടച്ചു. മോളുടെ കുഞ്ഞുബെഡ്ഡും പാൽകുപ്പിയും കുഞ്ഞുടുപ്പുകളും ഏൽപിച്ചു. എന്റെ മകൾ അവിടുത്തെ നാനിയുടെ കൈയിലിരുന്നു അപരിചതത്വത്തോടെ വാവിട്ടുകരഞ്ഞത് തിരിഞ്ഞുനടക്കുമ്പോൾ എന്റെ ചങ്കുതകർക്കുന്നുണ്ടായിരുന്നു. അന്ന് വൈകുന്നേരം വരെ ഞാൻ എങ്ങനെയാണ് ഓഫീസിൽ കഴിച്ചു കൂട്ടിയത്...? അറിയില്ല. അന്നുവരെ ബോട്ടിൽമിൽക്ക് തൊട്ടിട്ടുപോലുമില്ലാത്ത എന്റെ കുഞ്ഞുകുട്ടി അവിടെ കിടന്നു കരഞ്ഞപ്പോഴെല്ലാം ഇവിടെ എന്റെ മാറിടം വിങ്ങി. വൈകുന്നേരം ഓടിയെത്തിയപ്പോൾ കണ്ട കാഴ്ച- എന്റെ പൊന്നോമന കരഞ്ഞു തളർന്നുറങ്ങുന്നു. ഞാൻ തൊട്ടിലിനടുത്ത് എത്തിയത് മണത്തറിഞ്ഞതുപോലെ അവൾ ഞെട്ടിയുണർന്നു. അവളെ എടുത്തപ്പോൾ എന്നെ കണ്ട സങ്കടത്തിൽ ഇറുക്കെ പിടിച്ചു തേങ്ങി. ഉറക്കെ കരയാൻ പോലുമാവാത്തവിധം ഒച്ചയടച്ചുപോയ അവളെയും ചേർത്തുപിടിച്ച് ഇറങ്ങുമ്പോൾ പുറകിൽ നിന്നും കെയർടേക്കർ പുഞ്ചിരിയോടെ പറയുന്നു: 'ആദ്യത്തെ ദിവസ

മായതുകൊണ്ടാണ്. പിന്നീട് ശീലമായിക്കൊള്ളും' എന്ന്.

എനിക്കു ജോലി വേണമായിരുന്നു, എന്റെ മകളുടെ ഭാവിക്കുകൂടി വേണ്ടി. പക്ഷേ അത് എന്റെ മകളെ കരയിച്ചു കൊണ്ടാവരുത്, അവളുടെ കുഞ്ഞുമനസ്സിനെ വേദനിപ്പിച്ചു കൊണ്ടാകരുത്. അതിനെനിക്കു സാധിക്കുമായിരുന്നുമില്ല.

സ്വന്തം സ്പോൺസറുടെ കീഴിൽ മാത്രമേ ജോലിയെടുക്കാൻ പറ്റൂ എന്ന നിയമം കർശനമായത് ആയിടക്കാണ്. ഞാനും ഭർത്താവും അന്ന് ഒരേ കമ്പനിയിൽ തന്നെയായിരുന്നു. അവിടുത്തെ അറബാബ് വിളിച്ച് ഞങ്ങളുടെ വിസ കമ്പനിയിലേക്ക് മാറ്റണമെന്ന് ആവശ്യപ്പെട്ടു. അവിടെ വരുന്നു മറ്റൊരു വലിയ പ്രതിസന്ധി.. മകളെ സ്പോൺസർ ചെയ്യാൻ ഞങ്ങൾക്കു രണ്ടാൾക്കും പറ്റില്ല. ബോംബെക്കാരൻ മാനേജർ മറ്റൊരു പരിഹാരവുമായി മുമ്പിലെത്തി. 'മകളെ നാട്ടിലയച്ചു കൂടെ' എന്ന്? ഒന്നുകിൽ ജോലി, അല്ലെങ്കിൽ മകൾ... റെസിഗ്നേഷൻ ലെറ്റർ മാനേജർക്ക് നേരെ നീട്ടുമ്പോൾ മുമ്പിൽ മരുഭൂമി മാത്രം! എങ്കിലും ആ ചൂടിലും ഞാനന്റെ മകളെ ചേർത്തു പിടിച്ചു...

എന്തിന് ഈ അനുഭവം ഇവിടെ എഴുതി എന്നു ചോദിച്ചാൽ വ്യക്തമായ ഒരു ഉത്തരമുണ്ട്. ഈയടുത്ത കാലത്ത് മക്കൾക്കായി മാത്രം ജീവിച്ച ഒരു അമ്മയുടെ നേരെ വിരൽ ചൂണ്ടി സ്വന്തം കാലിൽ നിൽക്കാറായ മകൻ ചോദിക്കുന്നു: 'നിങ്ങൾ എനിക്ക് വേണ്ടി എന്തു ചെയ്തു? കണ്ട ഡേ കെയർ സെന്ററുകളിൽ എറിഞ്ഞു കൊടുത്ത് ജോലി എന്നും പറഞ്ഞ് നടന്നില്ലേ?'

സർവ്വതും തകർന്ന വേദന ആ അമ്മയുടെ കണ്ണിൽ ഒരു നിമിഷം കൊണ്ട് ഞാൻ കണ്ടു. മക്കളെ ഒറ്റക്കാക്കാൻ, അൽപനിമിഷത്തിനായിട്ടെങ്കിലും ഒന്നു കൈമാറിക്കൊടുക്കാൻ അമ്മ എന്ന മനസ്സുള്ള ഒരു സ്ത്രീക്കും സാധിക്കില്ല. പിന്നെ ജീവിക്കാനുള്ള ബന്ധപ്പാടിൽ, രണ്ടുപേർ ഒരുമിച്ച് പണിയെടുത്തില്ലെങ്കിൽ രണ്ടറ്റം കൂട്ടിമുട്ടില്ലെന്നു വരുമ്പോൾ നിവൃത്തികേടുകൊണ്ട് ചങ്കു തകർത്തായിരിക്കും കുഞ്ഞുടുപ്പുകളും പാൽകുപ്പിയും ഡേകെയറിൽ ഏൽപിച്ചു തിരിഞ്ഞോടുന്നത്.

സോഷ്യൽ സ്റ്റാറ്റസിന്റെ ഭാഗമായി കുഞ്ഞുങ്ങളെ നിർദാക്ഷിണ്യം അവഗണിക്കുന്നവരുണ്ടാവാം. പിഴച്ചു പെറ്റതിന്റെ അപമാനമായിക്കണ്ട് റോഡരുകിൽ ഉപേക്ഷിക്കപ്പെടുന്നവരുണ്ടാവാം.

പക്ഷേ, മാതാക്കൾ എന്നും ദൈവതുല്ല്യർ തന്നെയാണ്. ആ കണ്ണീർ ഭൂമിയിൽ വീഴ്ത്താൻ മക്കൾ കാരണമായാൽ സ്വർഗം അവരുടെ ഏഴയലത്തുപോലുമെത്താത്ത വിധം അകന്നുപോവും...

പ്രവാസജീവിതത്തിൽ നമുക്ക് നമ്മൾ മാത്രമേ ഉണ്ടാവൂ എന്നൊരു വ്യത്യാസം കൂടിയുണ്ട്. മുത്തശ്ശനോ മുത്തശ്ശിയോ അമ്മാവനോ എളേമ്മമാരോ ഒന്നുമില്ലാതെ, പാഠശാല മാതാപിതാക്കളിൽ മാത്രം ഒതുങ്ങുന്നു. മൂല്യങ്ങളും സംസ്കാരവും സ്നേഹവും ദൈവവിശ്വാസവും എല്ലാം നമ്മിൽ നിന്നുതന്നെ മക്കൾക്ക് ലഭിക്കണം.

ഇവിടെയുള്ള മിക്കവർക്കും മതപഠനത്തിനായുള്ള മദ്രസകളും ചർച്ചുകളിൽ നടക്കുന്ന ഫ്രൈഡേ ക്ലാസും, അറിയാത്തതുകൊണ്ടോ അന്വേഷിക്കാത്തതുകൊണ്ടോ- വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്താനാവുന്നില്ല. രണ്ടായാലും മതപഠനവും സ്കൂൾ വിദ്യാഭ്യാസം പോലെത്തന്നെ പ്രാധാന്യമർഹിക്കുന്നുവെന്നും അതതുപ്രായത്തിൽ നൽകാനായില്ലെങ്കിൽ അവർ ഇതിൽ നിന്നൊക്കെ അകന്നുപോകുമെന്നും മനസ്സിലാക്കണം. ഉമ്മയുടെയും ഉപ്പയുടെയും പ്രാധാന്യം, ബന്ധങ്ങളിലെ മൂല്യങ്ങളും ഇഴയടുപ്പവുമെല്ലാം സത്യസന്ധമായും ആത്മാർത്ഥമായും അവരുടെ മനസ്സുകളിൽ വേരുറപ്പിക്കാൻ ഇളം പ്രായത്തിലാവുന്ന പോലെ പിന്നീട് സാധിക്കാതെ പോവും.

കുട്ടികൾ ഉണ്ടായതിനുശേഷം ഒന്നിനും സമയമില്ലാതെയായി എന്നു പരിഭവം പറയുന്നതു കേട്ടിട്ടുണ്ട്. കുട്ടികളെവെച്ച് ഈ മരുഭൂമിയിലെത്തിയതിനു ശേഷമാണ് ഞാൻ എം.ബി.എ എടുത്തത്, എന്റെ എഴുത്ത്, വായന എല്ലാം പരമാവധി നല്ല രീതിയിൽ കൊണ്ടുപോകാൻ സമയം കണ്ടെത്തിയത്. വർഷങ്ങൾക്കുമുമ്പേ മനസ്സിലുണ്ടായിരുന്ന മറ്റൊരു ആഗ്രഹം, സൈക്കോളജിയിൽ ബിരുദമെടുക്കണമെന്നത് ഈ വർഷമാണ് സാധിച്ചത്. എവിടെയും മക്കൾ ഒരു തടസ്സമേ ആയിട്ടില്ല, മറിച്ച് എന്റെ ആത്മവിശ്വാസം അവരെ നല്ല രീതിയിൽ സ്വാധീനിക്കുക മാത്രമേ ചെയ്തിട്ടുള്ളൂ.

പ്രവാസച്ചൂടിൽ ഉള്ളുരുകുമ്പോഴും ആ ഇളംകൊഞ്ചലുകൾ തണുപ്പിക്കാനില്ലായിരുന്നെങ്കിൽ ഞാൻ ഇന്ന് മറ്റാരോ ആയി മാറുമായിരുന്നു. പരസ്പരം പൊറുത്ത്, വീട്ടുവീഴ്ച ചെയ്ത് ഈ കൊച്ചുജീവിതം നമുക്ക് ആസ്വാദ്യകരമാക്കാം. ഒരാളെ സന്തോഷിപ്പിക്കാൻ സാധിച്ചാൽ അല്ലാഹുവിന്റെ അനുഗ്രഹം, വേദനിപ്പിക്കാതിരുന്നാൽ അല്ലാഹുവിന്റെ സ്നേഹം !

സ്നേഹത്തിന് പകരം നിൽക്കാൻ സ്നേഹം മാത്രം... അത് തിരിച്ചറിയാൻ വൈകുന്നതാണ് നമ്മുടെ പരാജയം.